**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 562** **11-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിന്മേലുള്ള ചർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുവാൻ വിദ്യാർത്ഥി സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ; | (എ) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുവാൻ വിദ്യാർത്ഥി സംഘടനകളുമായി സർക്കാർ 25-06-2024 ന് ചർച്ച നടത്തിയിരുന്നു. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യത്തിന് സീറ്റുകൾ/ബാച്ചുകൾ അനുവദിക്കണമെന്നും, സ്കോൾ കേരളയുടെ അഡ്മിഷൻ തീയതി നീട്ടണമെന്നും, സപ്ലിമെന്ററി അലോട്ട്മെന്റ് തീയതി നേരത്തെയാക്കണമെന്നും , ബാച്ചുകൾ അനുവദിക്കുന്നുണ്ടെങ്കിൽ ആയത് സർക്കാർ സ്കൂളുകളിൽ മാത്രമാക്കണമെന്നും, വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെട്ടു. |
| (ബി) | എങ്കിൽ പ്രസ്തുത ചർച്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുവാൻ വിദ്യാർത്ഥി സംഘടനകളുമായി സർക്കാർ 25-06-2024 ന് ചർച്ച നടത്തിയിരുന്നു. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യത്തിന് സീറ്റുകൾ/ബാച്ചുകൾ അനുവദിക്കണമെന്നും, സ്കോൾ കേരളയുടെ അഡ്മിഷൻ തീയതി നീട്ടണമെന്നും, സപ്ലിമെന്ററി അലോട്ട്മെന്റ് തീയതി നേരത്തെയാക്കണമെന്നും , ബാച്ചുകൾ അനുവദിക്കുന്നുണ്ടെങ്കിൽ ആയത് സർക്കാർ സ്കൂളുകളിൽ മാത്രമാക്കണമെന്നും, വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെട്ടു. |
| (സി) | പ്രസ്തുത ചർച്ചയിൽ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നവെന്ന് വ്യക്തമാക്കുമോ? | (സി) | <u>പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പുകൾ</u><br><br>1. സപ്ലിമെന്ററി അലോട്ട്മെന്റ് തീയതി നേരത്തെയാക്കുന്ന കാര്യവും സ്കോൾ കേരളാ |

| | | | | |
|---|---|---|---|---|
| | | | | പ്രവേശനം നീട്ടി വെയ്ക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.<br><br>2. മലപ്പുറം ജില്ലയിലെ നിലവിലുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് പുതിയ താൽക്കാലിക ബാച്ച് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br><br>3. മലപ്പുറം ജില്ലയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹയർ സെക്കണ്ടറി വിഭാഗം ജോയിൻറ് ഡയറക്ടർ(അക്കാഡമിക്)ഉം, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങിയ 2 ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതാണ്.<br><br>4. പുതിയ ബാച്ചുകൾ അനുവദിക്കേണ്ടി വരുമ്പോൾ അത് സർക്കാർ സ്കൂളുകളിൽ മാത്രമായിരിക്കും അനുവദിക്കുക.<br><br>5. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>6. പ്ലസ് വൺ പ്രവേശനം വൈകുന്നതിലൂടെ ക്ലാസ്സ് നഷ്ടമാകുന്ന വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകി പഠന വിടവ് നികത്താനുള്ള എല്ലാവിധ സംവിധാനങ്ങളും ഒരുക്കേണ്ടതാണ്.<br><br>7. സ്കോൾ കേരളയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതാണ്.<br><br>8. നിലവിൽ ജൂലൈ 31 നകം അഡ്മിഷൻ നടപടികൾ അവസാനിപ്പിക്കുന്ന രീതിയിൽ പ്രവേശന ഷെഡ്യൂൾ ക്രമപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ